കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ഇടുക്കി ജില്ല - ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് മാലിന്യ ശേഖരണത്തിന് പുതിയ വാഹനം വാങ്ങാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.2690/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:- 1) തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025-ലെ LSGD/PD/19765/2025-GEB2-നമ്പർ നടപടിക്രമം.

2) 07.07.2025-ന് ചേർന്ന ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26/2 നമ്പർ തീരുമാനം

3) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.09.2025-ലെ LSGD/PD/28221/2025-GEB2-നമ്പർ കത്ത്

ഉത്തരവ്

ഇടുക്കി ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിനായി വിനിയോഗിച്ചു വരുന്ന KL-37-A-44-നമ്പർ മഹീന്ദ്ര വാഹനം കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായതിനാൽ നിയമാനുസൃത നടപടി സ്വീകരിച്ച് 60,000/- രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള നടപടിക്രമം പ്രകാരം ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുള്ളതിനാൽ മാലിന്യ സംസ്കരണത്തിന് നിലവിൽ വാഹനം വാടകയ്ക്കാണ് ഉപയോഗിച്ചു വരുന്നതെന്നും, അതിനാൽ പുതിയ വാഹനം വാങ്ങുന്നതിന് വാങ്ങുന്നതിന് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (2) പ്രകാരമുള്ള തീരുമാന പ്രകാരം പുതിയ വാഹനം വാങ്ങുന്നതിന് 2024-25 വാർഷിക പദ്ധതിയിൽ 13,50,000/-രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതുമാണെന്നും അതിനാൽ ഇടുക്കി ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് മാലിന്യ ശേഖരണത്തിന് പുതിയ വാഹനം വാങ്ങാൻ അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) ലെ നടപടിക്രമത്തിന്റെയും, പരാമർശം (2) ലെ ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് മാലിന്യ നീക്കത്തിനായി തനത് ഫണ്ട് ഉപയോഗിച്ച് 13,50,000/- രൂപ (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചെലവിൽ ഒരു മിനി ലോറി വാങ്ങുന്നതിന് ചക്കുപള്ളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ചക്കുപള്ളം ഗ്രാമപഞ്ചായത്ത്,ഇടുക്കി .

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:3306060/DEV-3/291/2025-Fin dated 04.11.2025)

LSG (WM) dept/I&PRD

IKM ( for website)

കരുതൽ ഫയൽ.(DB2/662/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 06-11-2025 13:40:47

സെക്ഷൻ ഓഫീസർ